പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 380 — 27/9/2011 ൽ മറുപടിയ്ക്ക്

# പൊതുശ്മശാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാ പ്രകാശം :<br>ശ്രീ.മാത്യു റ്റി തോമസ് :<br>ശ്രീ.ജോസ് തെറ്റയിൽ ;<br>ശ്രീ. സി.കെ.നാണു : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട് ; | (എ) കേരളത്തിൽ 507 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിലവിലുണ്ട്. |
| (ബി) അടുക്കളയിൽപ്പോലും മൃതദ്ദേഹങ്ങൾ അടക്കം ചെയ്യേണ്ട സാഹചര്യം ഇപ്പോഴും പല പ്രദേശങ്ങളിലും നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ വസ്തുത കണക്കിലെടുത്ത് എല്ലാ ജാതിമത വിഭാഗങ്ങളിൽപ്പെട്ടവർക്കും ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള പൊതുശ്മശാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും നിർമ്മിക്കാനുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ ശ്മശാന നിർമ്മാണം നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുവാനും പൊതു ശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യ മേഖലജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ